/67421/2022

**വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**

(ഹാജർ. പ്രിയങ്ക ജി , ഐ എ എസ് )

വിഷയം:- വനിത ശിശു വികസന വകുപ്പ് – INTERNATIONAL DAY FOR THE ELIMINATION OF ALL KINDS OF VIOLENCE AGAINST WOMEN) - ദിനാചരണപരിപാടികൾ നടത്തുന്നതിന് തുക അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം: 1. സ ഉ (സാധാ) നം. 352/2022/വ ശി വി വ തീയതി, 02/08/2022

<u>ഉത്തരവ് നം. DWCD/1508/2022-WEC1 (1) തീയതി: 18-11-2022</u>

സ്ത്രീകൾക്കും പെൺകുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങളും ലിംഗവിവേചനവും അവസാനിപ്പിക്കുന്നതിനായി "ORANGE THE WORLD CAMPAIGN " ന്റെ ഭാഗമായി നവംബർ 25 (INTERNATIONAL DAY FOR THE ELIMINATION OF ALL KINDS OF VIOLENCE AGAINST WOMEN) മുതൽ ഡിസംബർ 10 ( HUMAN RIGHTS DAY ) വരെ 16 ദിവസം നീണ്ടു നിൽക്കുന്ന പരിപാടികൾ സംഘടിപ്പിക്കുന്നതിന് വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. **ഈ വർഷത്തെ തീം " UNITE! ACTIVISM TO END THE VIOLENCE AGAINST WOMEN AND GIRLS"** എന്നതാണ്.

ജീവിത പങ്കാളിയിൽ നിന്നുള്ള പീഡനം, ശാരീരിക-മാനസിക - ലൈംഗീക അതിക്രമങ്ങൾ , മനുഷ്യക്കടത്ത്, പെൺഭ്രൂണഹത്യ തുടങ്ങി സ്ത്രീകൾക്കെതിരെയുണ്ടാകുന്ന എല്ലാ അതിക്രമങ്ങളും ദൂരവ്യാപകവും തുടർച്ചയായിട്ടുള്ളതും കടുത്തമനുഷ്യാവകാശലംഘനവുമാണ്. സ്ത്രീയുടെ സ്വാതന്ത്ര്യത്തെയും അവകാശത്തെയും ഇല്ലാതാക്കുന്ന ഇത്തരം അതിക്രമങ്ങൾ സ്വകാര്യ ജീവിതത്തെയും സാമൂഹ്യ ജീവിതത്തെയും ബാധിക്കുന്നതുമൂലം അവരുടെ വികസനത്തിനും സമൂഹത്തിലെ സ്ഥാനവും, തുല്യപങ്കാളിത്തം നേടിയെടുക്കുന്നതിൽ തടസമാകുന്നത് അംഗീകരിക്കാൻ കഴിയുന്നതല്ല. പരിഷ്കൃതരും വിദ്യാസമ്പന്നരും എന്ന് അഭിമാനിക്കുന്ന കേരള സമൂഹത്തിൽ സ്ത്രീകൾ വിവിധതരം അതിക്രമങ്ങൾക്ക് വിധേയരാകുന്നത് സമൂഹത്തിൽ നിന്ന് പൂർണ്ണമായും തുടച്ച് മാറ്റേണ്ടത് നമ്മൾ ഓരോരുത്തരുടെയും കടമയും ധർമ്മവുമാണ്.

സമൂഹത്തിൽ സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചുവരുന്നതിന്റെ പ്രധാന കാരണം സമൂഹത്തിൽ നിലനിൽക്കുന്ന ലിംഗപദവി അസമത്വവും ദുരാചാരങ്ങളായ ശൈശവവിവാഹം, സ്ത്രീധനം എന്നിവയാണ്. പരിഷ്കൃത സമൂഹത്തിന് തന്നെ അപമാനകരമായ സ്ത്രീധനം, സ്ത്രീകൾക്കുനേരെ സമീപകാലങ്ങളിൽ വർദ്ധിച്ചുവരുന്ന അതിക്രമങ്ങളെതുടർന്നുണ്ടാകുന്ന മരണങ്ങൾ എന്നിവ സമൂഹത്തിൽ നിന്ന് പൂർണ്ണമായും തുടച്ചുമാറ്റപ്പെടേണ്ട ആവശ്യകത ചൂണ്ടിക്കാട്ടുന്നു. സ്ത്രീധനമെന്ന ദുരാചാരത്തെക്കുറിച്ചും ലിംഗവിവേചനത്തെക്കുറിച്ചും വ്യാപക ബോധവൽക്കരണ പരിപാടികൾ ജനങ്ങൾക്കിടയിൽ സംഘടിപ്പിക്കേണ്ടതായിട്ടുണ്ട്.

അതിക്രമത്തിന് ഇരയാകുന്ന ആരും തന്നെ ഉണ്ടാകാൻ പാടില്ല എന്നുള്ള സുസ്ഥിര വികസന ലക്ഷ്യത്തിലേക്ക് എത്തിച്ചേരുന്നതിന് ജനപ്രതിനിധികൾ, വിവിധ യൂണിയൻ നേതാക്കൾ, കോളേജ് ,

സ്കൂൾ വിദ്യാർത്ഥികൾ , യുവാക്കൾ ,സാമൂഹ്യ പ്രവർത്തകർ, വിവിധ വകുപ്പ് മേധാവികൾ , പൊതുജനങ്ങൾ, ടി മേഖലയിൽ പ്രവർത്തിക്കുന്ന എൻ ജി ഒ കൾ, സ്ത്രീ സംഘടനകൾ, തുടങ്ങിയവരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കേണ്ടതുണ്ട്.

വിവിധ ദിനാചരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനായി അനുമതി നൽകി പരാമർശം പ്രകാരം സർക്കാർ ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി സ്ത്രീകൾക്കെതിരെ നടക്കുന്ന എല്ലാ തരത്തിലുമുള്ള അതിക്രമങ്ങളും ലിംഗവിവേചനവും അവസാനിപ്പിക്കുന്നതിന് വേണ്ടി 2022 നവംബർ 25 മുതൽ ഡിസംബർ 10 വരെ നീണ്ടുനിൽക്കുന്ന ബോധവൽക്കരണ പരിപാടികളും അതിക്രമങ്ങൾ ക്കെതിരെ സംഘടിതമായും ശക്തമായും പ്രതിരോധിക്കാൻ വേണ്ട നടപടികൾ ചുവടെ ചേർത്തിട്ടുള്ള പ്രകാരം ജില്ല വനിത ശിശു വികസന ഓഫീസർമാർ ജില്ലകളിൽ നടത്തേണ്ടതാണ്.

**2022 നവംബർ 25 മുതൽ ഡിസംബർ 10 വരെ ജില്ല വനിത ശിശു വികസന ഓഫീസർ (ജില്ല സ്ത്രീധന നിരോധന ഓഫീസർമാർ) സംഘടിപ്പിക്കേണ്ട വിവിധ പരിപാടികൾ**

| ക്രമ നം | തീയതി | വിഷയം |
|---|---|---|
| 1 | 25/11/2022 | • INTERNATIONAL DAY FOR THE ELIMINATION OF ALL KINDS OF VIOLENCE AGAINST WOMEN - "ORANGE THE WORLD CAMPAIGN " ന്റെ ഭാഗമായി ജനപ്രതിനിധികൾ / ജില്ലാ കളക്ടർ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട് പോലീസ് അധികൃതരുടെ അനുമതിയോടുകൂടി കോളേജ് വിദ്യാർത്ഥികൾ, യുവാക്കൾ, സംഘടനകൾ, എന്നിവരെ ഉൾപ്പെടുത്തി സൈക്കിൾ റാലി/മാരത്തോൺ സംഘടിപ്പിക്കേണ്ടതാണ്. പ്രസ്തുത പരിപാടി കളക്ടർ/വിശിഷ്ടവ്യക്തികൾ ഫ്ലാഗ് ഓഫ് ചെയ്യുന്നതരത്തിൽ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്. അതിൽ വകുപ്പ് നൽകുന്ന സേവനങ്ങൾ സംബന്ധിച്ചും, സ്ത്രീധന നിരോധനം, ഗാർഹിക പീഡനം, ലിംഗ വിവേചനം, അതിക്രമങ്ങൾ എന്നിവയ്ക്കെതിരെയുള്ള സന്ദേശങ്ങൾ ഹെൽപ്പ് ലൈൻ നമ്പറുകൾ എന്നിവ അടങ്ങുന്ന സന്ദേശങ്ങൾ കൂടി ഉൾപ്പെടുത്തി പരിപാടി നടത്തേണ്ടതാണ്.<br><br>**റാലിയിൽ പങ്കെടുക്കുന്നവർക്ക് റിഫ്രഷ്മെന്റ്, ബാനർ, മറ്റ് ആവശ്യങ്ങൾക്കായി 7,000/- രൂപ അനുവദിക്കുന്നു.**<br><br>•<br>◦ MIXED COLLEGE ൽ വച്ച് 200 വിദ്യാർത്ഥികളെ പങ്കെടുപ്പിച്ച് സ്ത്രീധന നിരോധനം, Elimination of violence against women എന്ന വിഷയത്തിലും വകുപ്പ് മുഖേന നടപ്പിലാക്കുന്ന വിവിധ സേവനങ്ങളെസംബന്ധിച്ചും ബോധവൽക്കരണ ക്ലാസ്സ് സംഘടിപ്പിക്കേണ്ടതാണ്. കോളേജുകളിലെ യൂണിയൻ/ആർട്സ് ക്ലബ്ബുകൾ മുഖേന സ്ത്രീധന നിരോധനവുമായി ബന്ധപ്പെട്ട് സ്കിറ്റ് |

| | | |
|---|---|---|
| | | അവതരിപ്പിക്കേണ്ടതാണ്.<br>◦ ലഘു ഭക്ഷണം 200*40 = 8,000/-<br>ബാനർ = 1,000/-<br>മൈക്ക്/പ്രൊജക്റ്റർ = 4,000/-<br>മറ്റ് ചെലവുകൾ = 1,000/-<br>ആകെ 14,000/-<br>മേൽ വിവരിച്ച പ്രകാരമുള്ള ഏതെങ്കിലും ഇനങ്ങളിൽ തുക ബാക്കി വരികയാണെങ്കിൽ പ്രസ്തുത തുക കൂടി വിനിയോഗിച്ച് കൂടുതൽ കുട്ടികളെ പങ്കെടുപ്പിച്ച് ബന്ധപ്പെട്ട ജില്ല വനിത ശിശു വികസന ഓഫീസർമാർ പരിപാടി നല്ല രീതിയിൽ സംഘടിപ്പിക്കേണ്ടതാണ്. |
| 2 | 26/11/2022 | • തൊഴിൽ വകുപ്പുമായി സഹകരിച്ച് ട്രേഡ് യൂണിയൻ നേതാക്കൾ , പോലീസ് വകുപ്പിലെ സിവിൽ പോലീസ് ഓഫീസർമാർ , അഡ്വക്കേറ്റ്സ്, കുടുംബശ്രീ അംഗങ്ങൾ എന്നിവർക്ക് PWDV ACT . DOWRY PROHIBITION ACT, വകുപ്പ് മുഖാന്തിരം നടപ്പിലാക്കുന്ന സേവനങ്ങൾ എന്നീ വിഷയത്തിൽ ജില്ല വനിത ശിശു വികസന ഓഫീസർ 100 പേരെ പങ്കെടുപ്പിച്ചുകൊണ്ട് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്.<br>ലഘു ഭക്ഷണം 100*40 = 4,000/-<br>ബാനർ = 700/-<br>ഹാൾ വാടക - 3500/-<br>മറ്റ് ചെലവുകൾ = 800/-<br>ആകെ = 9,000/- രൂപ |

| | | |
|---|---|---|
| 3 | 27/11/2022 (online programme) | ഗാർഹിക പീഢന നിരോധനം, സ്ത്രീധന നിരോധനം, തൊഴിലിടങ്ങളിലെ സ്ത്രീകൾക്കെതിരെയുള്ള ലൈംഗീകാതിക്രമങ്ങൾ (തടയലും നിരോധിക്കലും പരിഹാരവും) എന്നീ വിഷയങ്ങളിൽ ആസ്പദമാക്കി IEC മെറ്റീരിയൽസ് ആയിട്ടുള്ള പോസ്റ്ററുകൾ, trolls memes സാമൂഹ്യ മാധ്യമങ്ങൾ വഴി പ്രചരിപ്പിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. |
| 4 | 28/11/2022 | • ശിശു വികസന പദ്ധതി ഓഫീസർമാർ അവരവരുടെ ICDS പ്രോജക്ട് പ്രദേശത്തെ ഹൈ സ്കൂൾ, ഹയർസെക്കൻഡറി (സർക്കാർ,പ്രൈവറ്റ്) സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് **"Elimination of All Kinds of Violence Against Women"** എന്ന **വിഷയത്തിൽ** ചിത്രരചന മത്സരം നടത്തേണ്ടതാണ്. അതിൽ ഒന്നാം സ്ഥാനം ലഭിക്കുന്ന വിദ്യാർത്ഥികളെ ജില്ലാ തല ചിത്രരചന മത്സര പരിപാടിയിലേക്ക് നോമിനേറ്റ് ചെയ്യേണ്ടതാണ്. |
| 5 | 29/11/2022 | • വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ സംബന്ധിച്ച് വിവിധ വകുപ്പുകളിലെ ജില്ലാതല മേധാവികൾക്ക് ജില്ല വനിത ശിശു വികസന ഓഫീസർമാർ ബോധവൽക്കരണ പരിപാടി സംഘടിപ്പിക്കേണ്ടതാണ്. വകുപ്പിന്റെ convergence action plan തയ്യാറാക്കുന്നതിലേക്കാണ് പ്രസ്തുത പരിപാടി സംഘടിപ്പിക്കുന്നത്. ടി പരിപാടിയിൽ പോലീസ് വകുപ്പിൽ നിന്നും ആരോഗ്യ വകുപ്പ്, തദ്ദേശ സ്വയം ഭരണ വകുപ്പ് , കുടുംബശ്രീ മിഷൻ ,മറ്റ് ഇതര വകുപ്പുകളിൽ നിന്നും ജീവനക്കാരെ പങ്കെടുപ്പിക്കേണ്ടതാണ്. കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ വച്ച് പരിപാടി സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത് ഉചിതമായിരിക്കും.<br><br>ലഘു ഭക്ഷണം 50 * 40 = 2000/-<br>ബാനർ = 1,000/-<br>മറ്റ് ചെലവുകൾ = 2,000/-<br>ആകെ =5,000/- |

| | | |
|---|---|---|
| | | |
| 6 | 30/11/2022 | • ജില്ല വനിത ശിശു വികസന ഓഫീസർമാർ വകുപ്പ് മുഖേന നടപ്പിലാക്കുന്ന സേവനങ്ങളെ സംബന്ധിച്ച് ആൾ ഇൻഡ്യ റേഡിയോ, എഫ് എം റേഡിയോ/ടി വി ചാനൽ മുഖേന സംസാരിക്കേണ്ടതും ടി പരിപാടിയിൽ അതിക്രമങ്ങൾ നേരിട്ട് സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് വന്ന അതിജീവിതയുടെ success story അവതരിപ്പിക്കുന്നതിനായുള്ള സജ്ജീകരണവും നടത്തേണ്ടതാണ്. ജില്ല വനിത ശിശു വികസ ഓഫീസർമാർ ഈ പരിപാടിയിൽ അതിജീവിതയെ പങ്കെടുപ്പിക്കുമ്പോൾ അവരിൽ നിന്ന് രേഖാമൂലം സമ്മതം വാങ്ങേണ്ടതാണ്. |
| 7 | 01/12/2022 | കോളജുകളിൽ NCC, NSS , കോളേജ് യൂണിയൻ എന്നിവരുടെ നേതൃത്വത്തിൽ സ്ത്രീധനത്തിനെതിരെ /സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ എന്നീ വിഷയത്തെ ആസ്പദമാക്കി ജില്ലയിലെ എല്ലാ കോളേജുകളിലും ഡിബേറ്റ് /ചർച്ച/സംവാദം എന്നിവ സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ആയതിന് കോളേജുകൾ സ്ഥിതി ചെയ്യുന്ന സ്ഥലത്തെ ശിശു വികസന പദ്ധതി ഓഫീസർ/സൂപ്പർവൈസർ മാർ കോളേജ് അധികൃതരുമായി ബന്ധപ്പെട്ട് പരിപാടി സംഘടിപ്പിക്കുന്നതിന് ഫെസിലിറ്റേറ്റ് ചെയ്യേണ്ടതാണ്. |
| 8 | 02/12/2022 | • ജില്ല വനിത ശിശു വികസന ഓഫീസർ, പ്രോഗ്രാം ഓഫീസർ, വനിത സംരക്ഷണ ഓഫീസർ , ജില്ല ശിശു സംരക്ഷണ ഓഫീസർ , ശിശു വികസന പദ്ധതി ഓഫീസർമാർ, അങ്കണവാടി പ്രവർത്തകർ അവരുടെ പരിധിയിൽ വരുന്ന 10 ൽ കൂടുതൽ ജീവനക്കാർ ജോലി ചെയ്യുന്ന സർക്കാർ / സർക്കാരിതര ഓഫീസുകൾ, പ്രൈവറ്റ് സ്ഥാപനങ്ങൾ സന്ദർശിച്ച് IC രൂപീകരിച്ചിട്ടുണ്ടോയെന്നും വകുപ്പ് പുതുതായി 25-ാം തിയതി LAUNCH ചെയ്യുന്ന POSH റിപ്പോർട്ടിംഗ് പോർട്ടലിൽ സ്ഥാപനം രജിസ്റ്റർ ചെയ്യണമെന്നുള്ള വിവരം അറിയിക്കേണ്ടതാണ്. |
| | | അങ്കണവാടി അഡോളസെൻ്റ് ഗേൾസ് ക്ലബ് - വർണ്ണക്കൂട്ട് അംഗങ്ങളെയും/ ലൈബ്രറി കൌൺസിൽ അംഗങ്ങളെയും |

| | | |
|---|---|---|
| 9 | 03/12/2022 | ഉൾപ്പെടുത്തി സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുക എന്ന വിഷയത്തിന്മേൽ അങ്കണവാടി തലത്തിൽ ചർച്ചചെയ്യുകയും ടി വിഷയത്തിൽ സ്കിറ്റുകൾ അവതരിപ്പിക്കേണ്ടതുമാണ്. പ്രസ്തുത സ്കിറ്റുകൾ റെക്കോർഡ് ചെയ്ത് 04/12/2022 ന് സാമൂഹ്യ മാധ്യമങ്ങൾ മുഖേന പ്രചരിപ്പിക്കാവുന്നതാണ്. |
| 10 | 04/12/2022 (FIELD LEVEL) | • കൌമാര ക്ലബ് അംഗങ്ങൾ/യൂത്ത് ക്ലബ് അംഗങ്ങൾ , അങ്കണവാടി അഡോളസെന്റ് ഗേൾസ് ക്ലബ് - " വർണ്ണക്കൂട്ട് " അംഗങ്ങൾ, കുടുംബശ്രീ, മദേർസ് ക്ലബ്, പാരന്റ്സ് ക്ലബ് എന്നിവയിലെ അംഗങ്ങളുടെ സഹകരണത്തോടെ സ്ത്രീധന നിരോധനം , ഗാർഹികാതിക്രമങ്ങളിൽ നിന്ന് സ്ത്രീകളെ സംരക്ഷിക്കുന്ന നിയമം എന്നീ വിഷയങ്ങളിൽ വകുപ്പ് തയ്യാറാക്കി നൽകുന്ന ഷോർട്ട് വീഡിയോകൾ ഐ സി ഡി എസ് ഉദ്യോഗസ്ഥർ, അങ്കണവാടി പ്രവർത്തകർ എന്നിവരുടെ WHATSAPP GROUP, facebook തുടങ്ങിയ സാമൂഹ്യ മാധ്യമങ്ങൾ വഴി വ്യാപക പ്രചരണം നടത്തേണ്ടതാണ് മേൽപറഞ്ഞ പ്രവർത്തനങ്ങൾക്ക് ശിശു വികസന പദ്ധതി ഓഫീസർമാർ നേതൃത്വം നൽകേണ്ടതാണ്. |
| 11 | 05/12/2022 | • <u>**ജില്ലാതല ചിത്രരചന മത്സരം**</u><br><br>28/11/2022 ൽ ശിശു വികസന പദ്ധതി ഓഫീസർമാർ ബ്ലോക്ക് തലത്തിൽ നടത്തിയ ചിത്ര രചന മത്സരത്തിലെ വിജയികൾക്ക് ജില്ലാ വനിത ശിശു വികസന ഓഫീസർ ജില്ലാതലത്തിൽ ചിത്ര രചന മത്സരം സംഘടിപ്പിക്കേണ്ടതാണ്. ചിത്രരചന മത്സരത്തിനുള്ള ജഡ്ജ്ജിംഗ് പാനലിൽ ജില്ല വനിത ശിശു വികസന ഓഫീസർ കൂടാതെ കളക്ടർ നോമിനേറ്റ് ചെയ്യുന്ന ഒരു ഉദ്യോഗസ്ഥൻ, ചിത്ര രചന മേഖലയുമായി ബന്ധപ്പെട്ട ഒരു വിദഗ്ധൻ എന്നിവരെ ഉൾപ്പെടുത്തേണ്ടതാണ്.<br><br>ചിത്രരചന മത്സരത്തിലെ ഒന്നും രണ്ടും മൂന്നും സ്ഥാനം കരസ്ഥമാക്കിയ വിജയികൾക്ക് ക്യാഷ് അവാർഡ്/സർട്ടിഫിക്കറ്റ് എന്നിവ നൽകേണ്ടതാണ്. ചിത്ര രചന മേഖലയുമായി ബന്ധപ്പെട്ട വിദഗ്ധന് 2000/- രൂപ വിനിയോഗിക്കാവുന്നതാണ്<br><br>ഒന്നാം സമ്മാനം - 1,000/-<br>രണ്ടാം സമ്മാനം - 750/-<br>മൂന്നാം സമ്മാനം - 500/-<br>ഹോണറേറിയം -2,000/-<br>**മറ്റ് ചെലവുകൾ - 3,250/-**<br>**ആകെ - 7500/-** |

| | | |
|---|---|---|
| | | **മേൽ വിവരിച്ച ഇനങ്ങളിൽ അനുവദിച്ച തുക, ആവശ്യമുണ്ടാകുന്ന പക്ഷം ആകെ അനുവദിച്ച തുകയിൽ അധികരിക്കാത്തവിധം ക്രമീകരിക്കാവുന്നതാണ്.** |
| 12 | 06/12/2022 | • ശിശു വികസന പദ്ധതി ഓഫീസർമാർ/സൂപ്പർവൈസർ മാരുടെ നേതൃത്വത്തിൽ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ എന്നിവിടങ്ങളിൽ രൂപീകരിച്ച ജാഗ്രതാസമിതി, വനിത സഹായ കേന്ദ്രം എന്നിവയുടെ പ്രവർത്തനം ശക്തപ്പെടുത്തേണ്ടതാണ്. ജാഗ്രതാ സമിതിയുടെ നേതൃത്വത്തിൽ മനുഷ്യാവകാശ ദിനമായ ഡിസംബർ 10 മുതൽ മാർച്ച് 8 വനിത ദിനം വരെ നൈറ്റ് വാക്ക് നടത്തുന്നതിനുള്ള ആക്ഷൻ പ്ലാൻ ജനപ്രതിനിധികൾ, വിവിധ സംഘടനകൾ , റെസിഡൻസ് അസോസിയേഷൻ പ്രതിനിധികൾ കുടുംബശ്രീ അംഗങ്ങൾ എന്നിവരെ ഉൾപ്പെടുത്തി തയ്യാറാക്കേണ്ടതാണ്.<br><br>• അതാത് പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ പ്രദേശങ്ങളിൽ വിജനമായ സ്ഥലങ്ങൾ, സാമൂഹ്യ വിരുദ്ധരുടെ ശല്യം നേരിടുന്ന സ്ഥലങ്ങൾ, തെരുവ് വിളക്ക് ഇല്ലാത്ത സ്ഥലങ്ങൾ എന്നിവ കണ്ടെത്തുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ ഒരു ടാസ്ക് ഫോഴ്സ് രൂപീകരിച്ച് ജെൻഡർ സേഫ്റ്റി ആഡിറ്റിംഗ് നടത്തി തദ്ദേശ സ്വയംഭരണ സ്ഥാപന മേധാവികളുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്. ആയതിന്റെ റിപ്പോർട്ട് DWCDO ക്ക് നൽകേണ്ടതും DWCDO മാർ ക്രോഡീകരിച്ച റിപ്പോർട്ട് ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതുമാണ്. |
| 13 | 07/12/2022 | ◦ DLSA യുമായി സഹകരിച്ച് അഭിഭാഷകർ, പോലീസ് ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തി PWDV ACT പ്രകാരം SPC/SH , മുഖേന നാളിതുവരെ രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളുടെ pendency, Delay in enquiry,follow up, Improper Enquiry എന്നിവ സംബന്ധിച്ച് അവലോകനം നടത്തി ഒരു ആക്ഷൻ പ്ലാൻ തയ്യാറാക്കേണ്ടതും ആയത് 15/12/2022 നകം ഡയറക്ടർക്ക് സമർപ്പിക്കേണ്ടതുമാണ്.<br><br>ലഘു ഭക്ഷണം 100*40 രൂപ = 4,000/-<br>മറ്റ് ചെലവുകൾ = 1,000/-<br>ആകെ = 5,000/- |
| 14 | 08/12/2022 | • ശിശു വികസന പദ്ധതി ഓഫീസറുടെ നേതൃത്വത്തിൽ അവരവരുടെ ഏര്യായിൽ പ്രവർത്തിക്കുന്ന വിവിധ വകുപ്പുകളിലെ ഓഫീസ് മേധാവികൾക്ക് സ്ത്രീധനനിരോധനം, ഗാർഹിക പീഢന നിരോധനം, തൊഴിലിടങ്ങളിലെ സ്ത്രീകൾക്കെതിരെയുള്ള ലൈംഗീകാതിക്രമം (തടയലും നിരോധിക്കലും പരിഹാരവും),വകുപ്പ് മുഖേന നടപ്പിലാക്കുന്ന സേവനങ്ങൾ (കാതോർത്ത്, പൊൻവാക്ക്, രക്ഷാദൂത്, SH/SPC, ONE STOP CENTRE എന്നീ വിഷയങ്ങളിൽ ബോധവൽക്കരണ പരിപാടി |

| | | |
|---|---|---|
| | | സംഘടിപ്പിക്കേണ്ടതാണ്. |
| 15 | 09/12/2022 | സ്ത്രീസുരക്ഷയുമായി ബന്ധപ്പെട്ട് ഈ കാര്യാലയത്തിൽ നിന്നും തയ്യാറാക്കി നൽകുന്ന സ്റ്റിക്കറുകൾ പോലീസ് സ്റ്റേഷൻ, വീടുകൾ എന്നിവിടങ്ങളിൽ അങ്കണവാടി പ്രവർത്തകർ പതിപ്പിക്കേണ്ടതാണ്. അപ്രകാരം സ്റ്റിക്കർ പതിപ്പിച്ചിട്ടുണ്ടെന്ന് ബന്ധപ്പെട്ട SUPERVISOR, CDPO മാർ പരിശോധിക്കേണ്ടതും പ്രസ്തുത വിവരം DWCDO യെ അറിയിക്കേണ്ടതുമാണ് |
| 16 | 10/12/2022 | **<u>നൈറ്റ് വാക്ക്</u>**<br>• ജില്ലാ തലത്തിൽ ജില്ല വനിതാ ശിശു വികസന ഓഫീസറുടെ നേതൃത്വത്തിൽ ജനപ്രതിനിധികൾ ,സാമൂഹ്യ പ്രവർത്തകർ ,റസിഡന്റ്സ് അസോസിയേഷൻ, സ്ത്രീ സംഘടനകൾ ,NSS, NCC വോളന്റിയേഴ്സ് ,കോളേജ് വിദ്യാർത്ഥികൾ , കുടുംബശ്രീ അംഗങ്ങൾ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട് നൈറ്റ് വാക്ക് സംഘടിപ്പിക്കേണ്ടതാണ്.<br><br>06/12/2022 ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ തയ്യാറാക്കിയ ആക്ഷൻ പ്ലാൻ പ്രകാരം പഞ്ചായത്ത് /മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തലത്തിൽ ജനപ്രതിനിധികൾ, സാമൂഹ്യ പ്രവർത്തകർ, കുടുംബശ്രീ അംഗങ്ങൾ. എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട് ജാഗ്രത സമിതി അംഗങ്ങൾ നൈറ്റ് വാക്ക് സംഘടിപ്പിക്കേണ്ടതാണ്. |
| 17 | | **ഡോക്യുമെന്റേഷൻ ചാർജ്ജ് - 2500/-** |

മേൽ വിവരിച്ച പ്രകാരമുള്ള ജില്ലാതല പരിപാടികൾ സംഘടിപ്പിക്കുന്നതിലേയ്ക്കായി ഒരു ജില്ലയ്ക്ക് 50,000/- രൂപ ക്രമത്തിൽ 14 ജില്ല വനിത ശിശു വികസന ഓഫീസർമാർക്ക് ആകെ 7,00,000/- രൂപ ( ഏഴ് ലക്ഷം രൂപ മാത്രം) അനുവദിച്ച് ഉത്തരവാകുന്നു

ജില്ല വനിത ശിശു വികസന ഓഫീസർമാരുടെ നേതൃത്വത്തിൽ ദിനാചരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനായി DCPO, WPO, PO, മാർ എന്നിവർക്ക് ചുമതലകൾ നൽകേണ്ടതാണ്. ജില്ലതലത്തിൽ സംഘടിപ്പിക്കുന്ന പരിപാടികൾക്ക് പത്ര -ദൃശ്യ ശ്രാവ്യ സാമൂഹ്യ മാധ്യമങ്ങൾ വഴി വ്യാപക പ്രചരണം നൽകേണ്ടതുമാണ്.

ജില്ലാതല പരിപാടികൾ സംഘടിപ്പിക്കുന്നതിനായി അനുവദിക്കുന്ന തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | ജില്ല | തുക |
|---|---|---|
| 1 | തിരുവനന്തപുരം | 50,000/- |
| 2 | കൊല്ലം | 50,000/- |
| 3 | പത്തനംതിട്ട | 50,000/- |
| 4 | ആലപ്പുഴ | 50,000/- |
| 5 | കോട്ടയം | 50,000/- |
| 6 | ഇടുക്കി | 50,000/- |
| 7 | എറണാകുളം | 50,000/- |
| 8 | തൃശ്ശൂർ | 50,000/- |
| 9 | പാലക്കാട് | 50,000/- |
| 10 | മലപ്പുറം | 50,000/- |
| 11 | കോഴിക്കോട് | 50,000/- |
| 12 | വയനാട് | 50,000/- |
| 13 | കണ്ണൂർ | 50,000/- |
| 14 | കാസർഗോഡ് | 50,000/- |
| | **ആകെ** | **7,00,000/- (ഏഴ് ലക്ഷം രൂപ മാത്രം)** |

**In all the programs conducted , it is compulsory to administer Anti-dowry pledge to all participants.**

ഇതിലേക്കാവശ്യമായ 7,00,000/- രൂപ (ഏഴ് ലക്ഷം രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തിലെ 2235-02-103-68-02-34-03 PLAN എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കേണ്ടതാണ്. പ്രസ്തുത തുക ജില്ല വനിത ശിശു വികസന ഓഫീസർമാർക്ക് അലോട്ട്മെന്റായി നൽകേണ്ടതാണ്. വിവിധ പരിപാടി സംഘടിപ്പിച്ചതിന് ശേഷം ഡോക്യുമെന്റേഷൻ റിപ്പോർട്ടും ചെലവ് വിവര പട്ടികയും ധനവിനിയോഗ സാക്ഷ്യപത്രവും ജില്ല വനിത ശിശു വികസന ഓഫീസർമാർ ഈ കാര്യാലയത്തിൽ 30/12/2022 നുള്ളിൽ ലഭ്യമാക്കേണ്ടതാണ്

(ഒപ്പ്)

**വനിത ശിശു വികസന ഡയറക്ടർ**

എല്ലാ ജില്ല വനിത ശിശു വികസന ഓഫീസർമാർക്കും

പകർപ്പ് :

1. എല്ലാ വനിത സംരക്ഷണ ഓഫീസർമാർക്കും
2. എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
3. എല്ലാ ശിശു സംരക്ഷണ ഓഫീസർമാർക്കും
4. എല്ലാ ശിശു വികസന ഓഫീസർമാർക്കും
5. എല്ലാ സൂപ്പർവൈസർമാർക്കും (സി ഡി പി ഒ മുഖേന)
6. സൂപ്രണ്ട് , അക്കൌണ്ട്സ് സെക്ഷൻ (അലോട്ട്മെന്റ് അനുവദിക്കുന്നതിലേയ്ക്കായി)
7. വെബ് സൈറ്റിൽ
8. സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്